**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4650** **10-08-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ടൂറിസ്റ്റ് ബസ് ഉടമകൾ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീമതി കെ.കെ.രമ, ശ്രീ . സണ്ണി ജോസഫ് , ശ്രീ. ടി. ജെ. വിനോദ്** | | **Shri Antony Raju (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് വ്യാപനത്തെ തുടർന്ന് സർവ്വീസ് നിർത്തിവച്ച സ്വകാര്യ ടൂറിസ്റ്റ് ബസ് ഉടമകൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കോവിഡ് വ്യാപനം മൂലം പ്രതിസന്ധിയിലായ ടൂറിസ്റ്റ് വാഹന മേഖലയെ സംരക്ഷിക്കുന്നതിനായി വിവിധ കാലയളവിലേക്കുള്ള ത്രൈമാസ നികുതി ഒഴിവാക്കുകയും, നികുതി അടയ്ക്കുന്നതിനുമുള്ള സമയം നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ഇതുവരെ നൽകിയ നികുതി ഇളവുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ മേഖലയുടെ അതിജീവനത്തിനുവേണ്ടി സാമ്പത്തിക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ഈ മേഖലയിലേയ്ക്ക് പുതിയ സാമ്പത്തിക പാക്കേജ് നടപ്പിലാക്കുന്ന കാര്യം ഈ വകുപ്പിന്റെ പരിഗണനയിൽ നിലവിൽ ഇല്ല. |
| (സി) | സ്വകാര്യ ടൂറിസ്റ്റ് ബസ്സുകൾക്ക് മോട്ടർ വാഹന നികുതിയിൽ ഇളവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | വാഹനത്തിന്റെ തരം | വാഹന നികുതി ഏതു കാലയളവിലേക്കാണ് ഒഴിവാക്കിയത് / സമയം ദീർഘിപ്പിച്ചു നൽകിയതിന്റെയും വിവരങ്ങൾ | സർക്കാർ ഉത്തരവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | കോൺട്രാക്ട് കാര്യേജ് (ഓട്ടോ, ടാക്സി, ടൂറിസ്റ്റ് പെർമിറ്റ് ട്രാവലർ) | 01.04.2020 – 30.06.2020 | ജി.ഒ. (പി) നം.40/2020 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 15.08.2020 വരെ ദീർഘിപ്പിച്ചു. |
| | | | ജി.ഒ.(പി) നം.13/2020 | നികുതിയിൽ 20% ഇളവ് നൽകി. |
| | | 01.07.2020 – 30.09.2020 | ജി.ഒ.(പി) നം.45/2020 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി. |
| | | 01.10.2020 – 31.12.2020 | ജി.ഒ.(പി) നം.60/2020 | നികുതിയിൽ 50% ഇളവ് നൽകി. |
| | | | ജി.ഒ.(പി) നം.52/2020 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 30.11.2020 വരെ ദീർഘിപ്പിച്ചു. |
| | | 01.01.2021 – 31.03.2021 | ജി.ഒ.(പി) നം.9/2021 | നികുതി അടയ്ക്കുന്നത് ഒഴിവാക്കി. |
| | | 01.04.2021 – 30.06.2021 | ജി.ഒ.(പി) നം.14/2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31.05.2021 വരെ ദീർഘിപ്പിച്ചു. |
| | | 01.04.2021 – 30.09.2021 | ജി.ഒ.(പി) നം.21/2021 | നികുതി ഒടുക്കുന്നതിനുള്ള കാലാവധി 31.08.2021 വരെ ദീർഘിപ്പിച്ചു. |

**സെക്ഷൻ ഓഫീസർ**